കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, ജില്ലാ വ്യവസായ കേന്ദ്രം മാനേജർ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ, സെൽഫ് എംപ്ലോയ്മെന്റ് ഓഫീസർ എന്നിവർ മെമ്പർമാരായിട്ടുള്ള ജില്ലാതല കമ്മിറ്റി അപേക്ഷകരെ കൂടിക്കാഴ്ചയ്ക്ക് ക്ഷണിക്കുകയും പ്രോജക്ട് നടപ്പിലാക്കാൻ സാധ്യമാണോയെന്നും അംഗങ്ങളുടെ സംരംഭകത്വശേഷി, പ്രോജക്ടിന്റെ വിജയസാധ്യത, അംഗങ്ങളുടെ വായ്പ തിരിച്ചടയ്ക്കുവാനുള്ള കഴിവ് എന്നീ കാര്യങ്ങൾ പരിശോധിച്ച് വായ്പ നൽകുന്നതിനായി തെരഞ്ഞെടുക്കുന്നു. കമ്മിറ്റി പാസ്സാക്കിയ അപേക്ഷകർക്ക് സൗജന്യ സംരംഭകത്വ വികസന പരിശീലനം നൽകിയശേഷം വായ്പ അനുവദിക്കുന്നു.

(ബി) ശരണ്യ പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ നിന്നും ആകെ 1502 അപേക്ഷകൾ ലഭിച്ചു. ഇതിൽ നിന്നും 1174 അപേക്ഷകർക്ക് 5,37,28,000 രൂപ വായ്പ ഇനത്തിൽ അനുവദിച്ചു. ബാക്കിയുള്ള അപേക്ഷകൾ ജില്ലാതല കമ്മിറ്റി നിരസിച്ചവരുടെയും, ജില്ലാതല കമ്മിറ്റിയ്ക്കോ, ടെയിനിംഗിനോ ഹാജരാകാതിരുന്നവരുടെയുമാണ്.

(സി) ശരണ്യ പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് പരമാവധി 50,000 രൂപവരെ പലിശരഹിത വായ്പ അനുവദിക്കുന്നു. വായ്പാ തുകയുടെ 50 ശതമാനം പരമാവധി 25,000 രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നു. പ്രോജക്ട് നോക്കി ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിൽ ഒരു ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. 50,000 രൂപയിൽ കൂടുതൽ വായ്പ ആവശ്യമുള്ളവർ 50,000 രൂപയ്ക്ക് മേലുള്ള തുകയുടെ 10 ശതമാനം ഗുണഭോക്തൃ വിഹിതമായി നൽകേണ്ടതും, 3 ശതമാനം പലിശ (ഫ്ലാറ്റ് നിരക്കിൽ) 50,000 രൂപയ്ക്കുമേലുള്ള സംഖ്യയ്ക്ക് നൽകേണ്ടതുമാണ്. ഇവർക്ക് സൗജന്യ സംരംഭകത്വ വികസന പരിശീലനം നൽകുന്നുണ്ട്.

സുരക്ഷാ കേരളം പദ്ധതി

165 (2374) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. വി. ശശി :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സുരക്ഷാ കേരളം പദ്ധതിയുടെ ഭാഗമായി നടത്തിയ പരിശോധനയിൽ ഗുരുതരമായ വീഴ്ച കണ്ടെത്തിയ തൊഴിലാളി ക്യാമ്പുകൾ അടച്ചു പൂട്ടിയിട്ടുണ്ടോ ; എങ്കിൽ എത്ര ക്യാമ്പുകൾ അടച്ചു പൂട്ടി ; ഒരോ ജില്ലയിലും എത്ര വീതമെന്ന് വ്യക്തമാക്കുമോ ;

(ബി) അന്യസംസ്ഥാന തൊഴിലാളികളുടെ എത്ര ക്യാമ്പുകളാണ് അടച്ചു പൂട്ടിയതെന്ന് വ്യക്തമാക്കുമോ ;

(സി) അടച്ചു പൂട്ടിയ ക്യാമ്പുകളിലെ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാന വ്യാപകമായി തൊഴിലാളി ക്യാമ്പുകൾ തൊഴിൽ വകുപ്പ് നടത്തിയ പരിശോധനയിൽ ഗുരുതരമായ സുരക്ഷാ വീഴ്ചകളൊന്നുംതന്നെ കണ്ടെത്തിയിട്ടില്ല.

(ബി) അന്യസംസ്ഥാന തൊഴിലാളികളുടെ ക്യാമ്പുകളൊന്നുംതന്നെ തൊഴിൽ വകുപ്പ് അടച്ചു പൂട്ടിയിട്ടില്ല.

(സി) ബാധകമല്ല.

ശുചീകരണ മേഖലയിലെ തൊഴിലാളികൾക്ക് സുരക്ഷാ ഉപകരണങ്ങൾ

166 (2375) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ ശുചീകരണ മേഖലകളിലെ തൊഴിലാളികൾക്ക് കയ്യുറ, പാദരക്ഷ, മാസ്ക് തുടങ്ങിയ സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കാറുണ്ടോ ;

(ബി) ഇത്തരം തൊഴിലാളികൾക്ക് മഴക്കാലം പരിഗണിച്ച് എന്തൊക്കെ സുരക്ഷാ നടപടികൾ നൽകുവാനാണുദ്ദേശിക്കുന്നത് ;

(സി) ഇതിനാവശ്യമായ ഫണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണോ വകുപ്പ് നേരിട്ടാണോ നൽകുന്നത് എന്നറിയിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly